# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 491

12.06.2012 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിൽ വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾക്കുള്ള റിസ്ക് ഫണ്ട് സ്കീമിൽ വായ്പ എടുക്കുന്നവർക്കായി എന്തെല്ലാം ഇളവുകളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) റിസ്ക് ഫണ്ട് സ്കീമിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവായിട്ടുണ്ട്.<br>1. റിസ്ക് ഫണ്ട് പദ്ധതി അനുസരിച്ച് നിലവിൽ ഒരു ലക്ഷം രൂപ വരെയുള്ള മുതൽ ബാക്കി നിൽപ്പും അതിന്റെ പലിശ തുകയും എന്നത് ഒന്നര ലക്ഷം വരെയുള്ള മുതലും അതിന്റെ പലിശയും എന്നാക്കി ഉയർത്തി എഴുതിത്തള്ളുന്നതിന് ഉത്തരവായിട്ടുണ്ട്. ഇത് വായ്പാ കാലാവധിക്കുശേഷം മരണപ്പെട്ടവർക്കും ബാധകമാക്കിയിട്ടുണ്ട്.<br>2. പരാലിസിസ്, ക്യാൻസർ, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവ ബാധിച്ചവരുടെ 75,000/- രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ട്.<br>3. നിലവിൽ വായ്പക്കാരന് 65 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്ന വായ്പകൾക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. ടി പ്രായപരിധി 70 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്. |

(സി) വിദ്യാഭ്യാസ വായ്പകൾക്ക് പഠനകാലത്ത് പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള പദ്ധതി സഹകരണ ബാങ്കുകളിൽ നടപ്പാക്കുമോ?

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് പഠനകാലത്ത് പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സഹകരണ ബാങ്ക് തലത്തിൽ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ